"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും 16129940L LNK (Late) ആദർശ് പി. -യുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.27/2025/SWD തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 450/99/GAD തീയതി, 29.06.1999.
2. സ.ഉ.(സാധാ) നം. 431/01/GAD തീയതി, 15.11.2001.
3. സ.ഉ.(സാധാ) നം. 14/2012/GAD തീയതി, 17.01.2012.
4. സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജിന്റെ 16.08.2025-ലെ DSW/65/2025-B6 നമ്പർ കത്ത്.

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിനായി 10.05.2024-ൽ ഹിമാചൽപ്രദേശിലെ കിന്നൗർ ജില്ലയിൽ വെച്ചുണ്ടായ സൈനിക വാഹന അപകടത്തിൽ മരണപ്പെട്ട 16129940L LNK (Late) ആദർശ് പി -യുടെ ഭാര്യ ശ്രീമതി ആദിത്യ എ.സി., ടിയാന്റെ മാതാവ് ശ്രീമതി ബബിത പി. എന്നിവർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയും അനുബന്ധരേഖകളും സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജ് ശിപാർശ ചെയ്ത് പരാമർശം 4 പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

10.05.2024-ൽ ഹിമാചൽപ്രദേശിലെ കിന്നൗർ ജില്ലയിൽ Line of Actual Control-ൽ OP SNOW LEOPARD-ന്റ ഭാഗമായി സൈനിക നിരീക്ഷണം നടത്തുന്നതിനിടെ സംഭവിച്ച അപകടത്തിൽപ്പെട്ടാണ് LNK (Late) ആദർശ് പി-യ്ക്ക് മരണം സംഭവിച്ചത്. പ്രസ്തുത അത്യാഹിതം ആട്രിബ്യൂട്ടബിൾ ടു മിലിട്ടറി സർവ്വീസ് ആയി അംഗീകരിച്ചിട്ടുള്ളതും ബാറ്റിൽ കാഷ്വാലിറ്റി ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10.05.2024-ൽ ഹിമാചൽപ്രദേശിലെ കിന്നൗർ ജില്ലയിൽ വെച്ചുണ്ടായ സൈനിക വാഹന അപകടത്തിൽ മരണപ്പെട്ട 16129940L LNK (Late) ആദർശ് പി -യുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും അർഹതപ്പെട്ട 5 ലക്ഷം രൂപയിൽ നിന്നും അടിയന്തരധനസഹായമായി അനുവദിച്ച 50,000/- രൂപ കുറച്ച് ബാക്കി 4,50,000/- രൂപയിൽ Late ആദർശ് പി.-യുടെ ഭാര്യ ശ്രീമതി ആദിത്യ എ.സി.-യ്ക്ക് **3,25,000/- രൂപയും (മൂന്ന് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം**) ടിയാന്റെ മാതാവ് ശ്രീമതി ബബിത പി.-

യ്ക്ക് 1,25,000/- **രൂപയും (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം)** എന്ന നിരക്കിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധി ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പ്രസ്തുത തുക ശ്രീമതി ആദിത്യ എ.സി.-യ്ക്ക് **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കോഴിക്കോട് ഫറോക്ക് ശാഖയിലുള്ള അക്കൗണ്ട് നം. 41758827160 (IFSC: SBIN0070191)**-ലേയ്ക്കും ശ്രീമതി ബബിത പി-യ്ക്ക് **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കോഴിക്കോട് ഫറോക്ക് ശാഖയിലുള്ള അക്കൗണ്ട് നം.67181092431 (IFSC:SBIN0070191)** -ലേയ്ക്കും ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

1. ധനകാര്യ (ഫണ്ട്സ്) വകുപ്പ്
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ശ്രീമതി ആദിത്യ എ.സി., വടക്കേ വാൽപറമ്പിൽ, ഫറോക്ക് (പി.ഒ.), കോഴിക്കോട് - 673631.
4. ശ്രീമതി ബബിത പി., വടക്കേ വാൽപറമ്പിൽ, ഫറോക്ക് പി.ഒ., കോഴിക്കോട് - 673631.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Shailakumari. M
Date: 17-12-2025 16:03:48
സെക്ഷൻ ഓഫീസർ